## പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 338** — **28.01.2019 -ൽ മറുപടിക്ക്**

## റേഷൻ കാർഡ് വിതരണം ത്വരിതപ്പെടുത്താൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി. ഉബൈദുള്ള :** | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് പുതിയ റേഷൻ കാർഡ് വിതരണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;<br><br>(ബി) അപേക്ഷകൾ സ്വീകരിച്ച് തുടങ്ങിയിട്ട് ആറുമാസത്തിലധികമായെങ്കിലും ഇപ്പോഴും കാർഡുകൾ ലഭിക്കാതെ നിരവധി കുടുംബങ്ങൾ പ്രയാസമനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(സി) പുതിയ റേഷൻകാർഡിന്റെ അച്ചടി ഏതെങ്കിലും ഏജൻസികളെ ഏൽപ്പിച്ചിട്ടുണ്ടോ;<br><br>(ഡി) കാലതാമസം ഇല്ലാതാക്കി കാർഡുകൾ വിതരണം ചെയ്യുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ? | (എ) യും (ബി) യും (സി) യും (ഡി) യും<br><br>അന്തിമ ഘട്ടത്തിലാണ്. റേഷൻ കാർഡുമായി ബന്ധപ്പെട്ട എല്ലാ അപേക്ഷകളും 25.06.2018 മുതൽ സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്. കഴിഞ്ഞ നാലുവർഷമായി റേഷൻ കാർഡ് പുതുക്കലുമായി ബന്ധപ്പെട്ട് അപേക്ഷകൾ സ്വീകരിക്കാതിരുന്നതിനാൽ ഓരോ താലൂക്കിലും ലഭിക്കുന്ന അപേക്ഷകളുടെ എണ്ണം വളരെ കൂടുതലാണ്. നാളിതുവരെ 19.31 ലക്ഷം അപേക്ഷകൾ സംസ്ഥാനമൊട്ടാകെ ലഭിച്ചിട്ടുണ്ട്. ഇവയിൽ സി-ഡിറ്റുമായി ചേർന്ന് വളരെ വേഗം ഡാറ്റാ എൻട്രി നടത്തി 14 ലക്ഷം അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ച് വിതരണത്തിന് സജ്ജമാക്കിയിട്ടുണ്ട്. അപേക്ഷകൾ സ്വീകരിച്ച് തുടങ്ങി ആറ് മാസത്തിലധികമായെങ്കിലും കാർഡ് ലഭിക്കാതെ കുടുംബങ്ങൾ പ്രയാസമനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുതിയ റേഷൻ കാർഡിന്റെ പുറംചട്ടയുൾപ്പെടെയുള്ളവ സജ്ജീകരിക്കുന്നതിന് സി-ഡിറ്റിനെയും ഇന്നർഷീറ്റ് അച്ചടിക്കുന്നതിന് കേരള ബുക്ക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റിയെയുമാണ് ഏൽപ്പിച്ചിട്ടുള്ളത്. കാലതാമസം ഇല്ലാതാക്കി എത്രയും വേഗം കാർഡുകൾ വിതരണം ചെയ്യുന്നതിന് സത്വര നടപടി സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**